**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആംബുലൻസുകൾ രോഗികളെ മാത്രം കൊണ്ടുപോകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി, ഇടയിരിക്കപ്പുഴ ആശുപത്രികളിൽ എം.എൽ.എ., എം.പി. ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങിയ ആംബുലൻസുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദേശപ്രകാരം പ്രസ്തുത മണ്ഡലത്തിന് പുറത്തുള്ള ആശുപത്രികളുടെ ഉപയോഗത്തിന് കൊണ്ടുപോകുന്നതും രോഗികളെ കൊണ്ടുപോകുന്നതിന് പുറമെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കാമോ; ബന്ധപ്പെട്ടവർക്ക് നിർദേശം നല്കാമോ? | (എ) | **വി.ഐ.പി. സന്ദർശനം, ശബരിമല മണ്ഡലകാലം തുടങ്ങിയ അവസരങ്ങളിലും, കാഞ്ഞിരപ്പള്ളി, ഇടയിരിക്കപ്പുഴ ആശുപത്രികളുടെ പരിധിയിൽ നിന്ന് ദേശീയ അന്ധത നിവാരണ പരിപാടിയുടെ ഭാഗമായി തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികളെ കോട്ടയം ജനറൽ ആശുപത്രിയിൽ എത്തിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലും പ്രസ്തുത ആശുപത്രികളിലെ ആംബുലൻസുകൾ ഉപയോഗിക്കാൻ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിർദ്ദേശം നൽകാറുണ്ട്. ആംബുലൻസ് അനിവാര്യമായ സാഹചര്യമായതിനാലാണ് അപ്രകാരം നിർദ്ദേശം നൽകുന്നത്. രോഗികളെ കൊണ്ട് പോകുന്നതിന് പുറമേ മറ്റുള്ള ആവശ്യങ്ങൾക്ക് ആംബുലൻസ് ഉപയോഗിക്കരുത് എന്ന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ